**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2225** **06-07-2022 - ൽ മറുപടിയ്ക്ക്**

**എൻ.എഫ് .എസ്.എ. ഗോഡൗണിൽ നിന്നും അനധികൃതമായി ധാന്യങ്ങൾ കടത്തി എന്ന പരാതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എൻ.എഫ്.എസ്.എ. ഗോഡൗണുകളിൽ നിന്നും കുത്തരി, പുഴക്കലരി, പച്ചരി, ഗോതമ്പ് തുടങ്ങിയ ഭക്ഷ്യധാന്യങ്ങൾ അനധികൃതമായി കടത്തുന്നത് സംബന്ധിച്ച പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എത്ര രൂപയുടെ നഷ്ടമാണ് സർക്കാരിന് ഉണ്ടായിട്ടുള്ളതെന്ന വിവരം ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കാമോ; | (എ) | സുൽത്താൻ ബത്തേരി എൻ.എഫ്.എസ്.എ ഗോഡൗണിൽ നിന്നും 20.03.2019ൽ അരി കടത്തിയെന്ന പരാതി പൊതുവിതരണ വകുപ്പ് വിജിലൻസ് ഓഫീസർ മുഖാന്തിരം അന്വേഷണം നടത്തിയതിൽ പരാതി അടിസ്ഥാനരഹിതമാണെന്ന് കണ്ടെത്തിയിരുന്നു. |
| (ബി) | സപ്ലൈകോ വിജിലൻസ് വിഭാഗം പ്രസ്തുത പരാതിയെ സംബന്ധിച്ച റിപ്പോർട്ട് സപ്ലൈകോ ചെയർമാന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ഇല്ല |
| (സി) | ഇത്തരം പരാതികളുടെ അടിസ്ഥാനത്തിൽ സപ്ലൈകോ വിഭാഗത്തിലെ ഏതെങ്കിലും ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | ഇല്ല |
| (ഡി) | തിരുവനന്തപുരം വലിയതുറ എൻ.എഫ്.എസ്.എ. ഗോഡൗണിൽ നിന്നും അനധികൃതമായി ഭക്ഷ്യധാന്യങ്ങൾ കടത്തി എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

സെക്ഷൻ ഓഫീസർ